# ഇലക്ട്രിക് സ്കൂട്ടർ വിലക്കുറവിൽ വാങ്ങാം മൈ ഇവി പോർട്ടലിലൂടെ

**എനർജി മാനേജ്മെന്റ് സെന്ററിന്റെ കീഴിലുള്ള മൈ ഇവി പോർട്ടലിലൂടെ കുറഞ്ഞ നിരക്കിൽ സബ്സിഡിയോടെ വാഹനം വാങ്ങാം**

കുതിച്ചുയരുന്ന പെട്രോൾ വിലയിൽ ഇലക്ട്രിക് വാഹനങ്ങളിലേക്കു ചുവടു മാറ്റുന്നവരുടെ എണ്ണം കൂടി വരികയാണ്. അതുകൊണ്ടുതന്നെ ഇരുചക്ര, നാലുചക്ര വാഹനങ്ങൾ നിരത്തുകളിൽ സജീവമായിത്തുടങ്ങി. വിരലിലെണ്ണാവുന്ന നിർമാതാക്കളുടെ വാഹനങ്ങൾ മാത്രമായിരുന്നു ഇതുവരെ ലഭ്യമായിരുന്നത്. എന്നാൽ, വിപണിയിലെ വൈദ്യുത വാഹനങ്ങൾക്കുള്ള സ്വീകാര്യത മനസ്സിലാക്കി ഒട്ടേറെ നിർമാതാക്കളാണ് മികച്ച മോഡലുകളുമായി രംഗത്തെത്തിയിരിക്കുന്നത്. ഇരുചക്ര വിഭാഗത്തിൽ തന്നെ പ്രമുഖരടക്കം പത്തോളം നിർമാതാക്കൾ വിപണിയിലുണ്ട്. ഇവർക്കെല്ലാം രണ്ടിൽ കൂടുതൽ മോഡലുകളുമുണ്ട്.

ഇത്രയും മോഡലുകളെത്തിയതോടെ ഉപയോക്താക്കൾക്ക് ചെറിയ കൺഫ്യൂഷനും വന്നുതുടങ്ങി. എത്ര മോഡലുകളുണ്ട്. എത്രയാണ് വില, സബ്സിഡി എത്ര, ഡീലർഷിപ് എവിടൊക്കെയുണ്ട് തുടങ്ങിയ കാര്യങ്ങൾ അറിയാൻ ഓരോ നിർമാതാവിന്റെയും ഡീലർഷിപ് കണ്ടുപിടിച്ച് അന്വേഷിക്കേണ്ട അവസ്ഥയാണുള്ളത്. മൈ ഇവി പോർട്ടൽ അതിനൊരു പരിഹാരമാകുന്നു.

## മൈ ഇവി

എനർജി മാനേജ്മെന്റ് സെന്ററും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇഇഎസ്എല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായിച്ചേർന്നാണ് പോർട്ടൽ വികസിപ്പിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഒരു പോർട്ടൽ രാജ്യത്ത് ആദ്യമായി തുടങ്ങുന്നതും കേരളത്തിലാണ്. ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ സൈറ്റിലൂടെ ബുക്ക് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇരുചക്ര വാഹനങ്ങളേ ബുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഹീറോ, എതർ, റിവോൾട്ട്, ഒകിനവ, ആംപിയർ, കൈനറ്റിക് എന്നിങ്ങനെ 6 പ്രമുഖ വൈദ്യുത സ്കൂട്ടർ നിർമാതാക്കളുടെ 10 വാഹനങ്ങൾ പോർട്ടൽ വഴി ലഭ്യമാകും.

## ഗുണങ്ങൾ

പോർട്ടൽ വഴി വാങ്ങുന്നതെന്തിന്, ഷോറൂമിൽ പോയി വാങ്ങിയാൽ പോരെ? എന്നു ചോദിക്കുന്നവരുണ്ടാകാം. പോർട്ടലിൽ ഈ നിർമാതാക്കളുടെ എല്ലാ വാഹനങ്ങളും കാണുവാനും സ്പെസിഫിക്കേഷൻ വിവരങ്ങൾ അറിയാനും കഴിയും. എത്ര കപ്പാസിറ്റിയുണ്ട്. റേഞ്ച് എത്ര, വില, നിറം എന്നിങ്ങനെ വാഹനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും പോർട്ടലിലൂടെ മനസ്സിലാക്കാം. മാത്രമല്ല, വിപണി വിലയെക്കാൾ വിലക്കുറവുമുണ്ട്.

മൈ ഇവി പോർട്ടലിലൂടെ ബുക്ക് ചെയ്യുമ്പോൾ കമ്പനിയിലേക്കാണ് നേരിട്ട് ബുക്കിങ് പോകുന്നത്. കസ്റ്റമർ കൊടുക്കുന്ന ഡീലർഷിപ് ഏതാണോ അവിടേക്ക് കമ്പനിയിൽനിന്ന് അറിയിപ്പു വരികയും അവർ കസ്റ്റമറെ വിവരമറിയിക്കുകയുമാണ് ചെയ്യുന്നത്. പോർട്ടൽ വഴി, ബുക്ക് ചെയ്ത വാഹനത്തിന്റെ സ്റ്റാറ്റസ് അറിയാനും കഴിയും.




## സബ്സിഡി

നിലവിൽ കേന്ദ്രത്തിന്റെ ഫെയിം 2 സബ്സിഡിയാണ് ലഭ്യമാകുന്നത്. ഓൺറോഡ് വിലയുടെ 24% മുതൽ 47 %വരെ സബ്സിഡി ലഭിക്കും. മൈ പോർട്ടൽ വഴി വാഹനത്തിന്റെ പേയ്മെന്റ് മുഴവനായി അടയ്ക്കാൻ കഴിയും. പോർട്ടൽ വഴി തുകയടച്ചാൽ സബ്സിഡി കഴിഞ്ഞുള്ള തുക കൊടുത്താൽ മതി. പോർട്ടൽ സേവനം തികച്ചും സൗജന്യമാണ്.

## കുറഞ്ഞ ചെലവ്

കുറഞ്ഞ ചെലവു തന്നെയാണ് ഇലക്ട്രിക് സ്കൂട്ടറുകളുടെ ഹൈലൈറ്റ്. സാധാരണ പെട്രോൾ സ്കൂട്ടറിന് ഒരു കിലോമീറ്റർ സഞ്ചരിക്കാൻ ഇന്ധനച്ചെലവ് 2 രൂപയോളം വരുമ്പോൾ ഇലക്ട്രിക് ടൂവീലറിന് 25 പൈസയേ ആകുന്നുള്ളൂ. മാത്രമല്ല, പരിപാലനച്ചെലവും കുറവാണ്.

*കൂടുതൽ വിവരങ്ങൾക്ക് - **1800 425 5256, www.MyEV.org.in***